# ചോറോട് ഗ്രാമപഞ്ചായത്ത് കാര്യാലയം

പി.ഒ മുട്ടുങ്ങൽ വെസ്റ്റ്, കോഴിക്കോട് - 673106

സെക്രട്ടറി
ചോറോട് ഗ്രാമപഞ്ചായത്ത്

ഫോൺ:0496-2512501
email-Chorodegp@gmail.com

---

എ3/10153(1)/2023 തീയ്യതി : 10/01/2024

സ്വീകർത്താവ്,
രാജേഷ് കെ.കെ
കിണറുള്ള കണ്ടി
ചോറോട് ഈസ്റ്റ്

സർ,

വിഷയം : നവകേരള സദസ്സ് 2023 മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന : 24.11.2023ലെ നവകേരള സദസ്സിലെ 363 നമ്പർ നിവേദനം.

താങ്കൾ സൂചന പ്രകാരം നവകേരള സദസിൽ സമർപ്പിച്ച നിവേദനം 27/12/2023 ന് കോഴിക്കോട് വച്ച് നടന്ന ജില്ലാ സ്ഥിരം അദാലത്ത് സമിതി പരിഗണിക്കുകയുണ്ടായി. സമിതിയുടെ നിർദ്ദേശ പ്രകാരമുള്ള മറുപടി താഴെ പറയും പ്രകാരം അറിയിക്കുന്നു.

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ക്രമവത്കരണം/പൂർത്തീകരണത്തിനായി താങ്കള് പ്ലാൻ സമർപ്പിച്ചതിൽ അന്വേഷണം നടത്തിയതിൽ താഴെ പറയും പ്രകാരമുള്ള ന്യൂനതകൾ ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1) KPBR Rule 23, rule 26 പാലിക്കുന്നില്ല. കെട്ടിടത്തിന് മുൻവശം 3 മീറ്റർ ഇല്ല. കൂടാതെ frontageൽ ഷീറ്റ് ഇടുകയും വരാന്ത നിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട്.
2) കെട്ടിടത്തിന്റെ അളവുകൾ പ്ലാനിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.
3) കെട്ടിട നിർമ്മാണ പ്ലാൻ പ്രകാരമല്ല നടത്തിയിരിക്കുന്നത്. First ഫ്ലോറിൽ സ്ലാബ് പ്രൊജക്ഷനിൽ പുറത്തേക്കായാണ് വരാന്ത കാണിച്ചിരിക്കുന്നത്. കൂടാതെ മുകൾ നിലയിൽ Rolling shutter ആണ് ചെയ്തിട്ടുള്ളത്.
4) KPBR Rule 42 പ്രകാരം Disabled toilet , കെട്ടിടത്തിലേക്കും ടോയിലറ്റിലേക്കും Ramp എന്നിവ നിർമ്മിച്ചിട്ടില്ല.
5) Tank നിർമ്മാണം നടത്തിയതും പ്ലാനിൽ കാണിച്ചതും വ്യത്യാസപ്പെട്ടിരിക്കുന്നു. Rule 79 പ്രകാരം അതിരിൽ നിന്നും ടാങ്കിലേക്ക് 1.20 മീറ്റർ ലഭ്യമല്ല. പ്ലാനിൽ Leach pit ആണ് കാണിച്ചിരിക്കുന്നത്. 50ച.മീ മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് സെപ്റ്റിക്ക് ടാങ്ക് ആവശ്യമാണ്.
6) Rule 79 പ്രകാരം മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം നിർമ്മിച്ചിട്ടില്ല.

മേൽ സാഹചര്യത്തിലാണ് മേൽ കെട്ടിടത്തിന് നമ്പർ അനുവദിക്കാൻ കഴിയാത്തത് എന്ന് അറിയിക്കുന്നു. ചട്ടങ്ങൾ പാലിച്ച് കൊണ്ട് അപേക്ഷ സമർപ്പിക്കുന്ന പക്ഷം നമ്പർ അനുവദിക്കുന്നതാണ് എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

ചോറോട് ഗ്രാമപഞ്ചായത്ത്

ANEESH KUMAR T.P
Assistant Secretary
In Full Additional Charge of Secretary
Chorode Grama Panchayat